# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 26.03.2026**

### പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് തിരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രികകൾ പിൻവലിക്കുന്നതിനുള്ള സമയ പരിധി അവസാനിച്ചു.

2. നിയമസഭ തിരഞ്ഞെടുപ്പ് ചിത്രം വ്യക്തമായതോട സംസ്ഥാനത്തെ പ്രചാരണം ഊർജിതമാക്കി രാഷ്ട്രീയ പാർട്ടികൾ.

3. രാജ്യത്തെ പെട്രോളിയം, എൽപിജി വിതരണ സാഹചര്യം സുരക്ഷിതവും നിയന്ത്രണവിധേയവുമെന്ന് കേന്ദ്ര സർക്കാർ. ഇന്ത്യ ഉൾപ്പടെയുള്ള സൗഹൃദ രാജ്യങ്ങളുടെ കപ്പലുകൾക്ക് ഹോർമുസ് കടലിടുക്ക് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്ന് ഇറാൻ.

4. കോഴിക്കോട് ജില്ലയിൽ ഷിഗെല്ലയും പക്ഷിപ്പനിയും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി ആരോഗ്യ വകുപ്പ്.

5. സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ നാളെ മുതൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

BNU TVPM

6. മാലെയിൽ നടക്കുന്ന സാഫ് അണ്ടർ-20 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ, പാകിസ്ഥാനെതിരെ ഇന്ത്യക്ക് ജയം.

*******************

## നാമനിർദ്ദേശ പത്രിക

കേരളം, അസം, പുതുച്ചേരി എന്നിവിടങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പിനും നാല് സംസ്ഥാനങ്ങളിലെ ഉപതിരഞ്ഞെടുപ്പിനുമുള്ള നാമനിർദേശ പത്രികകൾ പിൻവലിക്കുന്നതിനുള്ള സമയ പരിധി അവസാനിച്ചു. ഇതോടെ മൽസര ചിത്രം തെളിയും. കേരളത്തിൽ ഇതിനകം 111 സ്ഥാനാർത്ഥികൾ പത്രിക പിൻവലിച്ചു. അടുത്തമാസം 9 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിന്.

RNU TVPM

*******************

## തിരഞ്ഞെടുപ്പ് പ്രചാരണം

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഉച്ചസ്ഥായിയിൽ. എൽഡിഎഫ് സ്ഥാനാർഥികളുടെ പ്രചാരണത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ പിണറായി വിജയൻ ഇന്ന് എറണാകുളം ജില്ലയിൽ പര്യടനം നടത്തുകയാണ്. നാളെ അദ്ദേഹം തൃശ്ശൂരിൽ വിവിധ തിരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുക്കും. പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി ഞായറാഴ്ച തൃശ്ശൂരും പാലക്കാടും പ്രചാരണത്തിനെത്തും. കേന്ദ്ര സഹമന്ത്രിയും ബിജെപി നേതാവുമായ സുരേഷ്ഗോപി

ഇന്ന് കോഴിക്കോട് തിരഞ്ഞെടുപ്പ് കൺവെൻഷനിൽ പങ്കെടുത്തു. എ.ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എം.പി. ഇന്ന് കണ്ണൂർ ജില്ലയിൽ യു.ഡി.എഫിൻറെ തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുത്തു.

*******************

## വയനാട്-തെരഞ്ഞെടുപ്പ്(ഇൻട്രോ)

വയനാട്ടിലെ മൂന്ന് നിയോജകമണ്ഡലങ്ങളിലും ശക്തമായ മത്സരമാണ് മുന്നണികൾ കാഴ്ചവെക്കുന്നത്. പരമാവധി വോട്ടർമാരെ നേരിൽ കണ്ട് വോട്ട് ഉറപ്പിക്കാനുള്ള ശ്രമത്തിലാണ് സ്ഥാനാർത്ഥികൾ. ദേശീയ സംസ്ഥാന നേതാക്കൾ വരും ദിവസങ്ങളിൽ പ്രചാരണത്തിനായി ജില്ലയിലെത്തും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്**

**(വോയ്സ്)**

********************

## ഇടുക്കി -തെരഞ്ഞെടുപ്പ്

സംസ്ഥാനത്തെ ഏക ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. വന്യമൃഗശല്യവും നെറ്റ്വർക്ക് പരിമിതികളും കണക്കിലെടുത്ത് വിപുലമായ സജ്ജീകരണങ്ങളാണ് ഒരുക്കുന്നതെന്ന് അധികൃതർ അറിയിച്ചു. മൂന്ന് പോളിംഗ് ബൂത്തുകളാണ് പഞ്ചായത്തിൽ ക്രമീകരിക്കുന്നത്.

2010-ൽ രൂപീകൃതമായ ഇടമലക്കുടി പഞ്ചായത്തിൽ 1,800-ഓളം വോട്ടർമാരാണുള്ളത്.

RIU TVPM

********************

## കണ്ണൂർ തെരഞ്ഞെടുപ്പ് (ഇൻട്രോ)

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കണ്ണൂരിൽ കേന്ദ്ര നിരീക്ഷകരുടെ സാന്നിധ്യത്തിൽ രാഷ്ട്രീയ പാർട്ടികളുടെ യോഗം ചേർന്നു. രാഷ്ട്രീയപാർട്ടികളും സ്ഥാനാർത്ഥികളും തിരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റച്ചട്ടം കർശനമായി പാലിക്കണമെന്ന് നിരീക്ഷകർ നിർദ്ദേശിച്ചു. 85 കഴിഞ്ഞ മുതിർന്നപൗരൻമാർ, ഭിന്നശേഷി വോട്ടർമാർ എന്നിവർക്കായുള്ള ഹോം വോട്ടിംഗ് മാർച്ച് 30ന് തുടങ്ങുമെന്ന് കലക്ടർ അരുൺ.കെ.വിജയൻ പറഞ്ഞു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഒ. ശശിധരൻ.**

(വോയ്സ്)

********************

## <u>എൻറെ വോട്ട് എൻറെ ശക്തി</u>

തിരഞ്ഞെടുപ്പിൽ യുവജനങ്ങളുടെ വോട്ടിംഗ് ശതമാനം കുറയുന്ന സാഹചര്യത്തിൽ വോട്ടവകാശത്തിൻറെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നതിന് സംസ്ഥാനത്ത് ബോധവത്കരണ പരിപാടി സംഘടിപ്പിക്കുന്നു. സംസ്ഥാന നിയമസേവന അതോറിറ്റിയും ജനമൈത്രി പോലീസും തിരഞ്ഞെടുപ്പ് കമ്മീഷനും സംയുക്തമായി സംഘടിപ്പിക്കുന്ന '**എൻറെ വോട്ട് എൻറെ ശക്തി**' ക്യാമ്പെയിൻ മറ്റന്നാൾ വൈകിട്ട് തിരുവനന്തപുരത്ത് ആരംഭിക്കും. ഉദ്ഘാടനം ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ നിർവ്വഹിക്കും.

********************

## <u>ഇറാൻ-യുഎസ്</u>

RNUTVPM

പശ്ചിമേഷ്യയിൽ സംഘർഷം തുടരുന്ന സാഹചര്യത്തിൽ നിലപാടുകൾ കർശനമാക്കി ഇറാനും അമേരിക്കയും. ഹോർമുസ് കടലിടുക്കിന്മേലുള്ള നിയന്ത്രണം കർശ്ശനമാക്കാൻ ടെഹ്റാൻ നീക്കം നടത്തിയപ്പോൾ , മേഖലയിൽ ഇറാനെ സമ്മർദ്ദത്തിലാക്കാനുള്ള തന്ത്രപരമായ സൈനിക നീക്കവുമായി അമേരിക്കൻ യുദ്ധക്കപ്പലായ ട്രിപ്പോളി പശ്ചിമേഷ്യയിലേക്ക് അടുക്കുകയാണ്. അതേസമയം, ഇന്ത്യ, ചൈന, റഷ്യ തുടങ്ങിയ സൗഹൃദ രാജ്യങ്ങളുടെ വാണിജ്യ കപ്പലുകൾക്ക് ഹോർമുസ് കടലിടുക്ക് ഉപയോഗിക്കാൻ അനുമതി നൽകിയതായി ഇറാൻ വിദേശകാര്യ മന്ത്രി സയ്യിദ് അബ്ബാസ് അരഗ്ചി പറഞ്ഞു.

********************

## <u>എൽപിജി</u>

രാജ്യത്തെ പെട്രോളിയം, എൽപിജി വിതരണ സാഹചര്യം പൂർണ്ണമായും സുരക്ഷിതവും നിയന്ത്രണത്തിലുമാണെന്ന് കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം.

എല്ലാ റീട്ടെയിൽ ഇന്ധന ഔട്ട്ലെറ്റുകളിലും ആവശ്യത്തിന് സ്റ്റോക്കുണ്ടെന്നും രാജ്യത്ത് ഒരിടത്തും എൽപിജി,

ഇന്ധനക്ഷാമമില്ലെന്നും മന്ത്രാലയം അറിയിച്ചു.
ജനങ്ങൾക്കിടയിൽ അനാവശ്യ ഭീതി പരത്താൻ ബോധപൂർവ്വം നടത്തുന്ന വ്യാജപ്രചാരണങ്ങളിൽ ജാഗ്രത പാലിക്കണമെന്ന് മന്ത്രാലയം പൗരന്മാരോട് അഭ്യർത്ഥിച്ചു.

********************

## അബുദാബി -മിസൈൽ

അബുദാബിയിൽ സ്വീഹാൻ സ്ട്രീറ്റിൽ ബാലിസ്റ്റിക് മിസൈലിൻറെ അവശിഷ്ടങ്ങൾ പതിച്ചതിനെ തുടർന്ന് രണ്ട് പേർ മരിച്ചു, മൂന്ന് പേർക്ക് പരിക്കേറ്റു. നിരവധി വാഹനങ്ങൾക്ക് നാശനഷ്ടമുണ്ടായി. കൊല്ലപ്പെട്ടവരുടെ വിവരങ്ങൾ ഇതുവരെ പുറത്തുവിട്ടിട്ടില്ല, സ്ഥിതി നിയന്ത്രണവിധേയമാണ്. ഇറാൻ വിക്ഷേപിച്ച മിസൈലുകളും ഡ്രോണുകളും വിജയകരമായി തടയാൻ സാധിച്ചതായി യുഎഇ വ്യോമ പ്രതിരോധ മന്ത്രാലയം അറിയിച്ചു. രാജ്യത്തെ വ്യോമ പ്രതിരോധ സംവിധാനങ്ങൾ ജാഗ്രത പാലിക്കുന്നുണ്ടെന്നും വിവരങ്ങൾക്ക് ഔദ്യോഗിക സ്രോതസ്സുകളെ മാത്രം ആശ്രയിക്കണമെന്നും ഉദ്യോഗസ്ഥർ പറഞ്ഞു .

RNU TVPM

********************

## കോഴിക്കോട്-ഷിഗെല്ല-പക്ഷിപ്പനി (ഇൻട്രോ)

കോഴിക്കോട് ജില്ലയിൽ ഷിഗെല്ലയും പക്ഷിപ്പനിയും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ജില്ലയിൽ ഷിഗെല്ല രോഗം ബാധിച്ച് മരിച്ച കുട്ടി പഠിച്ചിരുന്ന അംഗൻവാടി അടച്ചിട്ടിരിക്കുകയാണ്. ആരോഗ്യ വകുപ്പിന്റെ അനുമതി ലഭിച്ച ശേഷം മാത്രമേ തുറന്നു പ്രവർത്തിക്കുകയുള്ളൂ.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.**
**(വോയിസ്)**

********************

**<u>മഴ</u>**

സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ നാളെ മുതൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടിമിന്നലിൽ നിന്ന് രക്ഷ നേടാൻ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്. ഇടിമിന്നൽ സാധ്യത മനസ്സിലാക്കാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പ് തയ്യാറാക്കിയ ദാമിനി ആപ്പ് ഉപയോഗിക്കാവുന്നതാണ്.

********************

<u>താപനില (ഇൻട്രോ)</u>

സംസ്ഥാനത്ത് താപനില

ഉയരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി നിർദേശം നൽകി.

**വിശദാംശങ്ങളിലേക്ക്.......**

**(വോയ്സ്)**

*ഉയർന്ന ചൂട് - സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തുന്നതിനാൽ പൊതുജനങ്ങൾ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണം. പകൽ 10 മണി മുതൽ 3 മണി വരെയുള്ള സമയത്ത് ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് പരമാവധി ഒഴിവാക്കണം. മാർക്കറ്റുകൾ, കെട്ടിടങ്ങൾ, മാലിന്യശേഖരണ-നിക്ഷേപ കേന്ദ്രങ്ങൾ തുടങ്ങിയ ഇടങ്ങളിൽ തീപിടുത്തങ്ങൾ വർധിക്കാനും വ്യാപിക്കാനുമുള്ള സാധ്യത കൂടുതലാണ്. അതിനാൽ ഫയർ ഓഡിറ്റ് നടത്തേണ്ടതും കൃത്യമായ സുരക്ഷാ മുൻകരുതൽ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പോലീസുകാർ ,ഇലക്ഷൻ പ്രചാരണത്തിൽ ഏർപ്പെടുന്നവർ, നിർമാണത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ, മറ്റേതെങ്കിലും കാഠിന്യമുള്ള ജോലികളിൽ ഏർപ്പെടുന്നവർ എന്നിവർ ജോലി സമയം ക്രമീകരിക്കുക.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

********************

RNU TVPM

## സാഫ് അണ്ടർ-20

മാലെയിൽ നടക്കുന്ന സാഫ് അണ്ടർ-20 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ, ഗ്രൂപ്പ് മത്സരത്തിൽ പാകിസ്ഥാനെതിരെ ഇന്ത്യക്ക് ജയം. എതിരില്ലാത്ത 3 ഗോളുകൾക്കാണ് പാകിസ്ഥാനെ പരാജയപ്പെടുത്തിയത്.

********************

***********

***

RNU TVPM